| 23-10-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - ഇപ്പോൾ മനുഷ്യരിലൂടെ ലഭിച്ച മന്ത്ര-തന്ത്രങ്ങൾ പ്രയോജനപ്പെടുകയില്ല, അതിനാൽ നിങ്ങൾ എല്ലാറ്റിൽ നിന്നും ബുദ്ധിയോഗം വിടുവിച്ച് ഒരു ബാബയെ ഓർമ്മിക്കൂ.**

**ചോദ്യം**- ഭക്തിയിലെ ഏതൊരു കാര്യമാണ് ജ്ഞാനമാർഗ്ഗത്തിൽ നടക്കാത്തത്?
**ഉത്തരം**- ഭക്തിമാർഗ്ഗത്തിൽ ഭഗവാനിൽ നിന്ന് കൃപ അഥവാ ആശീർവാദം യാചിക്കുന്നു, ജ്ഞാനമാർഗ്ഗത്തിൽ ആശീർവാദം അഥവാ കൃപയുടെ കാര്യമില്ല. ഇത് പഠിപ്പാണ്, അച്ഛൻ ടീച്ചറായി നിങ്ങളെ പഠിപ്പിക്കുകയാണ്. ഭാഗ്യത്തിന്റെ ആധാരം പഠിപ്പാണ്. അഥവാ അച്ഛൻ കൃപ കാണിക്കുകയാണെങ്കിൽ മുഴുവൻ ക്ലാസും പാസാകും അതിനാൽ ജ്ഞാനമാർഗ്ഗത്തിൽ കൃപ അഥവാ ആശീർവാദത്തിന്റെ കാര്യമില്ല. ഓരോരുത്തർക്കും അവരവരുടെ പുരുഷാർത്ഥം തീർച്ചയായും ചെയ്യണം.

**ഗീതം**- ഞാനൊരു പിഞ്ചുപൈതലാണ്, അങ്ങ് സർവ്വശക്തിവാൻ...............

**ഓംശാന്തി**. ഇത് ഭക്തിമാർഗ്ഗത്തിലുള്ളവരുടെ വിളിയാണ്, ചെറിയവരുടേയും മുതിർന്നവരുടേയും, എന്തുകൊണ്ടെന്നാൽ, മനസ്സിലാക്കിത്തന്നിട്ടുണ്ട് ഭക്തർ യജ്ഞം, ജപം, തപം മുതലായവ ചെയ്യുന്നു, അവർ കരുതുന്നു ഇതെല്ലാം ചെയ്യുന്നതിലൂടെ പരമാത്മാവിനെ കണ്ടുമുട്ടാനുള്ള വഴി ലഭിക്കും. പിന്നീട് ഈശ്വരൻ സർവ്വവ്യാപിയാണ്, ഞാനും ഈശ്വരന്റെ രൂപമാണ്, എന്നിലും ഭഗവാനുണ്ട്, എന്നെല്ലാം പറയുന്നത് അസത്യമല്ലേ. ഭഗവാന് ദുഃഖം അനുഭവിക്കേണ്ടതില്ല. എങ്കിൽ ഭഗവാൻ വേറെയൊന്നല്ലേ. ഇതുതന്നെയാണ് മനുഷ്യരുടെ തെറ്റ്, ഈ കാരണത്താൽ ദുഃഖം അനുഭവിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളിലും വിരളം ചിലരേ അച്ഛനെ അറിയുന്നുള്ളു. മായ ഓരോ നിമിഷവും മറപ്പിക്കുന്നു. അച്ഛൻ വീണ്ടും വീണ്ടും പറയുന്നു, ശ്രീമത്ത് നൽകുന്നു സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കു. ഇതാണ് ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ മതം. അച്ഛന്റെ ശ്രീമത്തിലൂടെ മനുഷ്യൻ നരനിൽ നിന്നും നാരായണനും പതിതത്തിൽ നിന്നും പാവനവുമായി മാറുന്നു. ഈ സമയത്തുള്ള പതിത മനുഷ്യരുടെ മതം ശ്രേഷ്ഠമതമല്ല. ഭഗവാനും പറഞ്ഞിട്ടുണ്ട് ഇത് ഭ്രഷ്ടാചാരീ ആസുരീയ സമ്പ്രദായമാണ്. അച്ഛൻ പറയുന്നു, നിങ്ങളുടെ ദേവീദേവതാ ധർമ്മം വളരെ സുഖം നൽകുന്നതാണ്. നിങ്ങൾ വളരെ അധികം സുഖം അനുഭവിച്ചിട്ടുണ്ട്, ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ഇങ്ങനെ ചിന്തിക്കരുത് ഭഗവാൻ എന്തിനാണ് ഉണ്ടാക്കിയത്? ഇത് അനാദീ ഡ്രാമയാണ്. ജ്ഞാനം അർത്ഥം പകൽ, ഭക്തി അർത്ഥം രാത്രി. ജ്ഞാനത്തിലൂടെ നിങ്ങൾ ഇപ്പോൾ സ്വർഗ്ഗവാസിയായി മാറിക്കൊണ്ടിരിക്കുകയാണ്, ഭക്തിയിലൂടെ നരകവാസിയായി മാറി. പക്ഷേ മനുഷ്യർ കല്ലുബുദ്ധിയായതിനാൽ മനസ്സിലാക്കുന്നില്ല. ക്രോധം എത്ര നാശം വിതയ്ക്കുന്നതാണ്. എത്രയധികം ബോംബുകളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്, തീർച്ചയായും വിനാശം ഉണ്ടാകുമെന്ന് കരുതുന്നു. എങ്കിൽ ഇത് ഭ്രഷ്ടാചാരീ ബുദ്ധിയായില്ലേ. കലിയുഗത്തെ രാവണരാജ്യം എന്നാണ് പറയുക. രാവണൻ തന്നെയാണ് ഭ്രഷ്ടാചാരിയാക്കി മാറ്റിയത്. അച്ഛൻ വന്ന് ആജ്ഞ പുറപ്പെടുവിക്കുന്നു ഇപ്പോൾ ഭ്രഷ്ടാചാരത്തെ അവസാനിപ്പിക്കു. ഒരാൾ മറ്റൊരാളെ പതിതമാക്കുന്നതാണ് നമ്പർ വൺ ഭ്രഷ്ടാചാരം. ഇത് വേശ്യാലയമാണ്. കലിയുഗീ ഭാരതത്തെ വേശ്യാലയം എന്നാണ് പറയുന്നത്. എല്ലാവരും വിഷത്തിലൂടെ ജന്മമെടുത്തവരാണ്. സത്യയുഗത്തെ ശിവാലയം എന്നാണ് പറയുക. ശിവബാബയാൽ സ്ഥാപിതമായ പവിത്രമായ ഭാരതം. ലക്ഷ്മീ നാരായണൻ മുതലായവരെ പറയുന്നത് സർവ്വഗുണ സമ്പന്നൻ, 16 കലാ സമ്പൂർണ്ണൻ, സമ്പൂർണ്ണ നിർവ്വികാരി.......പിന്നെ ഈ ചോദ്യമേ ഉദിക്കുന്നില്ല, കുട്ടികൾ എങ്ങനെയാണ് ജന്മമെടുക്കുന്നത്? യോഗബലത്തിലൂടെ നിങ്ങൾ കുട്ടികൾക്ക് വിശ്വത്തിന്റെ അധികാരിയാവാൻ കഴിയുന്നുവെങ്കിൽ പിന്നെ യോഗബലത്തിലൂടെ എന്താണ് അസാധ്യമായിട്ടുള്ളത്? ബാബ പറയുന്നു നിങ്ങൾക്ക് യോഗബലത്തിലൂടെ ശ്രീമത്തനുസരിച്ച് സ്വർഗ്ഗത്തിന്റെ അധികാരിയാകാമെങ്കിൽ അവിടെ യോഗബലത്തിലൂടെ കുട്ടികൾക്ക് ജന്മം നൽകാനും കഴിയും. ബാഹുബലം കൊണ്ട് മുഴുവൻ സൃഷ്ടിയിലും രാജ്യം ഭരിക്കാൻ സാധിക്കില്ല. അവരുടേത് ബാഹുബലമാണ്, നിങ്ങളുടേത് യോഗബലവും. നിങ്ങൾ സർവ്വശക്തിവാനായ ബാബയുമായി യോഗം വെയ്ക്കുന്നു. സർവ്വശക്തിവാനായ അച്ഛൻ സ്വയം പറയുന്നു, എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. പക്ഷേ ആരുടെയും ബുദ്ധിയിൽ ഇത് നിൽക്കുന്നില്ല. ആ സമയത്ത് ശരി, ശരി എന്നു പറയും എന്നാൽ കുറച്ചുകഴിഞ്ഞാൽ മറന്നുപോകുന്നു.
ഭഗവാൻ പരിധിയില്ലാത്ത അച്ഛൻ രാജയോഗം പഠിപ്പിച്ച് ജ്ഞാനത്തിലൂടെ നമ്മെ അലങ്കരിക്കുകയാണ്. എന്നിട്ടും ബുദ്ധിയിൽ ഇരിക്കുന്നില്ലെങ്കിൽ പറയും അവരുടെ ഭാഗ്യത്തിലില്ല അതിനാലാണ് പരിശ്രമിക്കാ

ത്തത്. ടീച്ചർ എല്ലാവരേയും പഠിപ്പിക്കും എന്നാൽ അതിൽ ചിലർ നന്നായി പഠിക്കുന്നു ചിലർ തോറ്റുപോകുന്നു. ടീച്ചറോട് ആരെങ്കിലും പറയുമോ ആദീർവദിക്കൂ എന്ന്. പഠിപ്പിൽ ആശിർവദിക്കലും കൃപ കാണിക്കലുമൊന്നും നടക്കില്ല. ജ്ഞാനമാർഗ്ഗത്തിലാണെങ്കിൽ അച്ഛൻ നിങ്ങളെ നമസ്ക്കരിക്കുന്നു. കൃപയോ ആശീർവാദമോ യാചിക്കരുത്. അച്ഛന്റെ അടുത്തേയ്ക്ക് കുട്ടി എത്തുമ്പോൾ കുട്ടി അധികാരിയായാണ് മാറുന്നത്. അച്ഛൻ പറയുന്നു ഇത് അധികാരിയാണ്, കൃപയുടെ കാര്യമില്ല. അച്ഛന്റെ സമ്പത്ത് കുട്ടിയുടേതായി. ങ്ഹാ, ഇനി കുട്ടികളെ നേരെയാക്കണം അത് പിന്നെ ടീച്ചറുടെ ജോലിയാണ്. ടീച്ചർ പഠിക്കാൻ പറയും. പിന്നെ പഠിക്കേണ്ടത് നിങ്ങളുടെ ജോലിയാണ്. കൃപ എന്തു ചെയ്യാനാണ്? ഗുരുവിന്റേയും കടമ സദ്ഗതിയിലേയ്ക്കുള്ള വഴി പറഞ്ഞുതരുക എന്നതാണ്. ആശീർവാദത്തിന്റെ കാര്യമില്ല. ഇവിടെയാണെങ്കിൽ ടീച്ചറും അച്ഛനും സദ്ഗുരുവും ഒരാൾ തന്നെയാണ്. മൂന്നുപേരിൽ നിന്നും കൃപ യാചിക്കേണ്ട കാര്യമില്ല. വിവേകശൂന്യരായ മനുഷ്യർക്ക് അച്ഛൻ ഇരുന്ന് വിവേകം നൽകുകയാണ്. ഇതുതന്നെ ബാബയുടെ ആശീർവാദമാണ്. ഇനി അതനുസരിച്ച് നടക്കേണ്ടത് കുട്ടികളുടെ ജോലിയാണ്. പാടിയിട്ടുണ്ട്– ശ്രീമത്ത് ഭഗവാനുവാചാ. ബാബ ഉയർന്നതിലും ഉയർന്നതാണ് എങ്കിൽ അവരുടെ മതവും ഉയർന്നതായിരിക്കില്ലേ. ശ്രീമത്തിലൂടെ നിങ്ങൾ ശ്രേഷ്ഠ ദേവീദേവതയായി മാറിക്കൊണ്ടിരിക്കുകയാണ് നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. നിങ്ങൾക്കും മനസ്സിലാകും ഞാൻ എത്ര മാർക്കോടെ പാസാകും എന്ന്. സ്ക്കൂളിലും വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ സാധിക്കില്ലേ– ഞാൻ പൂർണ്ണമായി പഠിച്ചിട്ടില്ല അതിനാൽ പാസാകില്ലയെന്ന്. അച്ഛനും രജിസ്റ്റർ നോക്കിയാൽ മനസ്സിലാകും പാസാകുമോ ഇല്ലയോ. ഇവിടെയാണെങ്കിൽ പരിധിയില്ലാത്ത അച്ഛനും ടീച്ചറും ഗുരുവും ഒന്നാണ്. ബ്രഹ്മാബാബയ്ക്കും അറിയാം കുട്ടികൾക്കും അറിയാം നാം പഠിക്കുന്നില്ലയെന്ന്. പഠിക്കുന്നില്ലെങ്കിൽ തീർച്ചയായും കുറഞ്ഞ പദവിയേ ലഭിക്കൂ. നന്നായി പഠിച്ച് മുന്നോട്ട് പോകണമെന്ന പുരുഷാർത്ഥവും ചെയ്യുന്നില്ല. ആര് എത്ര തലയിട്ട് ഉടച്ചാലും എത്രയൊക്കെ മനസ്സിലാക്കിക്കൊടുത്താലും ഒന്നും ചെയ്യുന്നില്ല. ശ്രീമത്തിലൂടെ നടക്കുന്നില്ലയെങ്കിൽ താഴ്ന്ന പദവിയേ നേടൂ. ആരാണോ കുട്ടികളായി മാറുന്നത് അവർ രാജവംശത്തിൽ തീർച്ചയായും വരും. അതിലും വളരെ അധികം പദവികളില്ലേ. ദാസ–ദാസിയായും മാറുന്നു. കുട്ടികൾക്ക് അറിയാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തില്ലെങ്കിൽ ദാസ–ദാസിയായി മാറും. പക്ഷേ അവരും രാജകീയമായിരിക്കും. ലക്ഷ്മീ നാരായണന്മാർക്ക് വജ്രങ്ങളും വൈഢൂര്യങ്ങളും പതിച്ച കൊട്ടാരങ്ങളുണ്ടാകും അപ്പോൾ ദാസ–ദാസിമാരും അവിടെത്തന്നെയല്ലേ താമസിക്കുക. പിന്നീട് നമ്പർവൈസായി മുന്നോട്ട് പോയി പദവി നേടാം. പ്രജകളിലും നമ്പർവൈസാണ്. ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ ഇൻഷ്വർ ചെയ്യാറില്ലേ. ഈശ്വരാർത്ഥം ദാനം ചെയ്യുന്നു. മനസ്സിലാക്കു ആരെങ്കിലും ആശുപത്രി പണിയുകയാണെങ്കിൽ അടുത്ത ജന്മത്തിൽ നിരോഗിയായ നല്ല ശരീരം ലഭിക്കും. അല്പകാലത്തിലേയ്ക്കാണെങ്കിലും തീർച്ചയായും ഫലം ലഭിക്കുന്നില്ലേ. ആരെങ്കിലും പാഠശാല തുറക്കുകയാണെങ്കിൽ അടുത്ത ജന്മത്തിൽ നന്നായി പഠിക്കും. ധർമ്മശാല തുറന്നാൽ അടുത്തജന്മത്തിൽ താമസിക്കാൻ നല്ല വീട് ലഭിക്കും. എങ്കിൽ ഇത് ഇൻഷ്വർ ചെയ്യലല്ലേ. എല്ലാവരും സ്വയത്തെ ഇൻഷ്വർ ചെയ്യുന്നു. ഇപ്പോൾ നിങ്ങളുടേത് നേരിട്ട് ഭഗവാനുമായുള്ളതാണ്. അത് ഇൻഡയറക്ടാണ്, ഇതാണ് ഡയറക്ട് ഇൻഷ്വർ ചെയ്യൽ. ബാബാ ഇതെല്ലാം അങ്ങയുടേത് തന്നെയാണ്, ഞങ്ങൾ സൂക്ഷിപ്പുകാരാണ്. ഇതിനു പകരം ഞങ്ങൾക്ക് 21 ജന്മത്തേയ്ക്ക് സ്വർഗ്ഗരാജ്യം നൽകിയാൽ മതി. ഇതാണ് ഡയറക്ട് അച്ഛന് ഇൻഷ്വർ ചെയ്യൽ, 21 ജന്മങ്ങളിലേയ്ക്കുള്ളത്. ബാബ പറയുന്നു നിങ്ങളുടെ എല്ലാ ഭണ്ഡാരങ്ങളും സത്യയുഗത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യൂ. യുദ്ധം ആരംഭിക്കുമ്പോൾ ചെറിയ ചെറിയ നാട്ടുരാജാക്കന്മാർ തന്റെ മുഴുവൻ സമ്പാദ്യവും ചക്രവർത്തിക്കുമുന്നിൽ വെയ്ക്കാറുണ്ട്, പിന്നീട് എപ്പോഴാണോ യുദ്ധം പൂർത്തിയാകുന്നത് അപ്പോൾ ചക്രവർത്തിയിൽ നിന്നും എല്ലാം തിരികെ വാങ്ങും. ബ്രഹ്മാബാബ ഇതിന്റേയെല്ലാം അനുഭവിയല്ലേ. അച്ഛനും അറിയാം മുത്തച്ഛനും അറിയാം. മനസ്സിലാക്കണം നമുക്ക് മുത്തച്ഛനിലൂടെ അച്ഛന്റെ സമ്പത്ത് ലഭിക്കുകയാണ്. അച്ഛൻ പഠിപ്പിക്കുകയാണ്. ഈശ്വരീയ പിതാവ് ആ അച്ഛനാണ്, ഇദ്ദേഹമല്ല, ഇത് മുത്തച്ഛനാണ്. ആദ്യം മുത്തച്ഛന്റേതായി മാറണം. ബാബാ ഞാൻ അങ്ങയുടേതാണ്, ഞങ്ങൾ ബാബയിൽ നിന്ന് സമ്പത്ത് എടുക്കും. ബാക്കി എല്ലാഭാഗത്തുനിന്നും ബുദ്ധിയോഗം വിടുവിക്കണം അതാണ് പരിശ്രമം.

അച്ഛൻ പറയുന്നു ബാക്കി ഗുരുക്കന്മാരുടെ മന്ത്രമൊന്നും ഇനി ഉപയോഗത്തിൽ വരില്ല. ഒരു മനുഷ്യരുടെ മന്ത്രവും ഇനി ഉപയോഗത്തിൽ വരില്ല. ഞാൻ നിങ്ങളോട് പറയുന്നു, എന്നെ ഓർമ്മിക്കുന്നതിലാണ് നിങ്ങളുടെ വിജയം. നിങ്ങളുടെ തലയിൽ പാപഭാരം വളരെയുണ്ട്. ഇപ്പോൾ എന്നെ ഓർമ്മിച്ചാൽ വികർമ്മം വിനാശമാകും. പിന്നീട് നിങ്ങളെ സ്വർഗ്ഗത്തിലേയ്ക്ക് അയയ്ക്കും. ആദ്യം ഇതിൽ നിശ്ചയം വേണ്ടേ. നിശ്ചയമില്ലെങ്കിൽ ബാബ ബുദ്ധിയുടെ പൂട്ട് തുറക്കില്ല, ധാരണയുണ്ടാകില്ല. അച്ഛന്റേതായി മാറി അർത്ഥം സമ്പത്തിന് അർഹതയുള്ളവരായി മാറി. ബുദ്ധിയിൽ ഇരിക്കുന്നില്ല. ചില പുതിയ കുട്ടികൾ പഴയ കുട്ടികളേക്കാൾ മുന്നോട്ട് പോകും. അച്ഛൻ നല്ലരീതിയിൽ മനസ്സിലാക്കിത്തരുകയാണ്. ആര് എത്ര പഠിക്കുന്നുവോ അത്രയും സമ്പാദിക്കും. ഈ ഈശ്വരീയ ജ്ഞാനം വരുമാനത്തിന്റെ ഉറവിടമാണ്. നിങ്ങൾ അറിവിലൂടെ

വിശ്വത്തിന്റെ അധികാരിയായി മാറുകയാണ്. മനുഷ്യരിൽ ഈ ജ്ഞാനമില്ല. ഇപ്പോൾ നിങ്ങൾ എന്റെ കുട്ടികൾ ആസുരീയ സമ്പ്രദായത്തിൽ നിന്നും ദൈവീക സമ്പ്രദായം, ഭ്രഷ്ടാചാരിയിൽ നിന്നും ശ്രേഷ്ഠാചാരിയായി മാറുകയാണ്. ശ്രീമത്തില്ലാതെ ആർക്കും ശ്രേഷ്ഠാചാരിയായി മാറാൻ സാധിക്കില്ല. ഇല്ലെങ്കിൽ പിന്നെ അവസാനം ശിക്ഷകൾ അനുഭവിച്ച് പോകേണ്ടിവരും. തീർച്ചയായും കുറച്ച് കേട്ടവരും സ്വർഗ്ഗത്തിലേയ്ക്ക് വരും പക്ഷേ സാധാരണ പ്രജയിലേ വരൂ. ലക്ഷ്യം നമ്പർവൈസായി ഉണ്ടാകുമല്ലോ. അവിടെ ഭക്ഷണം ലഭിക്കാതെ കഷ്ടപ്പെടുന്ന തരത്തിലുള്ള ദരിദ്രരൊന്നും ഉണ്ടാകില്ല. ഇവിടെയുള്ളതുപോലെയുള്ള ദരിദ്രർ അവിടെയുണ്ടാകില്ല. എല്ലാവർക്കും സുഖം ഉണ്ടാകും. പക്ഷേ ഇങ്ങനെ ഒരിയ്ക്കലും കരുതരുത്– പ്രജയെങ്കിൽ പ്രജ നല്ലതാണ്. ഇത് ബലഹീനതയല്ലേ. ആദ്യം പക്കാ നിശ്ചയം വേണം. ഇത് നിരാകാരനായ ഭഗവാന്റെ വാക്കുകളാണ്. ഭഗവാൻ പറയുന്നു എനിക്ക് മനുഷ്യശരീരമില്ല. എന്റെ പേര് ശിവൻ എന്നാണ്. ബാക്കി ഏതെല്ലാം ദേവതയുണ്ടോ അഥവാ മനുഷ്യരുണ്ടോ അവർക്കെല്ലാം പേര് ശരീരത്തിനാണ്, എന്റെ പേര് ശരീരത്തിനല്ല. എനിക്ക് സ്വന്തമായി ശരീരമേയില്ല. ശരീരധാരിയെ ഭഗവാൻ എന്ന് പറയില്ല, മനുഷ്യൻ എന്നാണ് പറയുക. മനുഷ്യനെ ഭഗവാൻ എന്ന് മനസ്സിലാക്കിയതിനാൽ തന്നെയാണ് ഭാരതവാസികൾ വിവേകശൂന്യരായത്. അല്ലെങ്കിൽ ഭാരതവാസികൾ വളരെ ബുദ്ധിവാന്മാരായിരുന്നു. ആദ്യം ഭാരതത്തിൽ വസ്ത്രങ്ങൾ മുതലായവ വളരെ നേരിയത് നന്നായി ഉണ്ടാക്കിയിരുന്നു. ഇപ്പോൾ ആ വസ്തുക്കൾ ഉണ്ടാക്കാൻ പറ്റില്ല. അതായത് സത്യയുഗത്തിൽ സയൻസും സുഖത്തിനുവേണ്ടിയായിരിക്കും. ഇവിടെയാണെങ്കിൽ സയൻസ് സുഖം– ദുഃഖം രണ്ടിനും വേണ്ടിയാണ്. അല്പകാലത്തേയ്ക്ക് സുഖം ലഭിക്കുന്നു. ദുഃഖമാണെങ്കിൽ അപാരമാണ്. മുഴുവൻ ലോകവും വിനാശമാകുമ്പോൾ ദുഃഖമായില്ലേ. എല്ലാവരും രക്ഷിക്കൂ രക്ഷിക്കൂ എന്ന് നിലവിളിക്കും. അവിടെയാണെങ്കിൽ സയൻസിലൂടെ സുഖം തന്നെ സുഖമായിരിക്കും ലഭിക്കുക, ദുഃഖത്തിന്റെ പേരോ അടയാളമോ പോലും ഉണ്ടാകില്ല. ആരുടെ ഭാഗ്യമാണോ തുറക്കുന്നത് അവർക്കേ ഇത് മനസ്സിലാക്കാൻ സാധിക്കൂ. സുഖത്തിനുള്ള ഭാഗ്യമില്ലെങ്കിൽ മനസ്സിലാക്കാൻ സാധിക്കില്ല. വക്കീലന്മാരും നമ്പർവൈസ് ആയിരിക്കില്ലേ. ചിലർ ഓരോ കേസിനും 10–20 ആയിരങ്ങൾ വാങ്ങിക്കുന്നു. ചില വക്കീലന്മാരെ നോക്കിയാൽ അവർക്ക് കോട്ടു പോലുമുണ്ടാകില്ല ധരിക്കാൻ. ഇവിടെയും അങ്ങിനെ തന്നെയല്ലേ ഒന്നുകിൽ രാജാക്കന്മാരുടേയും രാജാവാകും ഇല്ലെങ്കിൽ സാധാരണ പ്രജയാകും. അതിനാൽ അച്ഛൻ ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് ഭാരതമാണ് ഇപ്പോൾ ഏറ്റവും ദരിദ്രം  ഇനി ഏറ്റവും സമ്പന്നമായി മാറാൻ പോകുന്നതും ഭാരതം തന്നെയാണ്. എപ്പോഴും ദാനം നൽകുന്നത് പാവങ്ങൾക്കാണ്. ധനവാന്മാർക്ക് ഇത്രയും ധാരണ ചെയ്യാൻ കഴിയില്ല. പാവങ്ങൾക്കേ ഈ ജ്ഞാനമത്രയും ധാരണചെയ്യാൻ സാധിക്കൂ. ധനവാന്മാർക്ക് ദാനം നൽകുക എന്നത് നിയമമല്ല. നിങ്ങൾ ദരിദ്രരല്ലേ. നിങ്ങളുടെ മമ്മ ഏറ്റവും ദരിദ്രയായിരുന്നു, അവർ തന്നെ പിന്നീട് വിശ്വത്തിന്റെ മഹാറാണിയാകുന്നു. ഡ്രാമ ഇങ്ങനെ ഉണ്ടാക്കിയിരിക്കുകയാണ്. പാവങ്ങൾ കൂടുതൽ എടുക്കുന്നു എന്തുകൊണ്ടെന്നാൽ വളരെ ദുഃഖികളാണ്. അവരാണെങ്കിൽ പറയുന്നു ഞങ്ങൾക്ക് ഇവിടം സ്വർഗ്ഗം തന്നെയാണ് മോട്ടോർ വാഹനങ്ങളുണ്ട്, പണമുണ്ട്. ഇങ്ങനെയും പറയുന്നു– ആരുടെ കൈയ്യിലാണോ പണമില്ലാത്തത്, ആരാണോ നരകത്തിലുള്ളത് അവർക്ക് നിങ്ങൾ ജ്ഞാനം നൽകൂ. നിങ്ങൾ ഇപ്പോൾ ഈശ്വരീയ പിതാവിന്റെ സേവനത്തിലാണ്. നിങ്ങൾ ഭാരതത്തിന്റെ സത്യമായ സേവകരാണ്. ബാക്കിയുള്ള സാമൂഹിക സേവകർ ഭൗതീകമാണ്,  മനുഷ്യർക്ക് കുറച്ച് സുഖം നൽകുന്നു. ഇവിടെയാണെങ്കിൽ മുഴുവൻ സൃഷ്ടിയേയും വൃത്തിയാക്കി പവിത്രവും സുഖിയുമാക്കി മാറ്റുന്നു.ഇവിടെ ശരീരം– മനസ്സ്– ധനം കൊണ്ട് ഭാരതത്തിന്റെ സേവനം ചെയ്യുകയാണ്.  ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക്  മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം –

1. തന്റെ പഴയ ഭാണ്ഡങ്ങൾ 21 ജന്മത്തേയ്ക്കായി ട്രാൻസ്ഫർ ചെയ്യണം, ഇൻഷ്വർ ചെയ്ത് ട്രസ്റ്റിയായി സംരക്ഷിക്കണം.

2. നിശ്ചയബുദ്ധിയായി പഠിപ്പ് പഠിക്കണം. പാവങ്ങൾക്ക് ജ്ഞാനം ദാനം ചെയ്യണം. ഭാരതത്തെ പവിത്രമാക്കി മാറ്റുന്ന സത്യമായ ആത്മീയ സേവനം ചെയ്യണം.

**വരദാനം – തന്റെ ഓരോ കർമത്തിലൂടെയും സംസാരത്തിലൂടെയും നടക്കുമ്പോഴും കറങ്ങുമ്പോഴും ഓരോ ആത്മാവിനും ശിക്ഷണം നൽകുന്ന മാസ്റ്റർ ശിക്ഷകരായി ഭവിക്കട്ടെ**

ഇന്നത്തെക്കാലത്ത് സഞ്ചരിക്കുന്ന ലൈബ്രറി ഉള്ളതുപോലെ, ഇങ്ങനെ താങ്കളും സഞ്ചരിക്കുന്ന മാസ്റ്റർ ശിക്ഷകരാകണം. സദാ തനിക്കു മുന്നിൽ വിദ്യാർഥിയെ കാണൂ, തനിച്ചല്ല, സദാ വിദ്യാർഥിക്കു മുന്നിലാണ്. സദാ പഠിച്ചുകൊണ്ടുമിരിക്കുകയാണ്, പഠിപ്പിച്ചുകൊണ്ടുമിരിക്കുകയാണ്. യോഗ്യ ശിക്ഷകർ ഒരിക്കലും വിദ്യാർഥിക്കു മുന്നിൽ അലസരാകുകയില്ല. ശ്രദ്ധ വെക്കും. താങ്കൾ ഉറങ്ങുമ്പോൾ, എണീൽക്കുമ്പോൾ, നടക്കുമ്പോൾ, കഴിക്കുമ്പോൾ, ഓരോ സമയവും മനസിലാക്കൂ ഞാൻ വലിയ കോളജിൽ ഇരിക്കുകയാണ്, വിദ്യാർഥി കണ്ടുകൊണ്ടിരിക്കുകയാണ്.

**സ്ലോഗൻ – ആത്മനിശ്ചയത്തോടെ തന്റെ സംസ്കാരങ്ങളെ സമ്പൂർണ പാവനമാക്കുക തന്നെയാണ് ശ്രേഷ്ഠയോഗം**